"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മേലാർകോട് കെ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. മീര. ആറിന് ശമ്പളവേതനാവധിയെ തുടർന്നുള്ള സേവനഭംഗം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.275/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 12/01/2022

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/11/2020 തീയതിയിലെ ജി1/4294/2019/ഡി പി എ നമ്പർ ഉത്തരവ്.
2. പാലക്കാട് മേലാർകോട് കെ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. മീര. ആറിന്റെ 21.06.2019-ലെ അപേക്ഷ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/02/2021 തീയതിയിലെ ഡി പി എ/4294/2019-ജി1 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് മേലാർകോട് കെ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. മീര. ആറിന് ടിയാളുടെ ജിവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിനായി കെ എസ്സ് ആർ ഭാഗം I അനുബന്ധം XII C പ്രകാരം 12/06/2019 മുതൽ 23/03/2020 വരെ പരാമർശം 1 പ്രകാരം ശമ്പളവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി അവധി കഴിഞ്ഞ് ടിയാൾ 24/03/2020 തീയതിയിൽ ജോലിയിൽ പുന പ്രവേശിക്കുന്നതിനായി ടി സ്കൂൾ പ്രഥമാദ്ധ്യാപകന്റെ മുൻപിൽ ഹാജരായെങ്കിലും അക്കാദമിക വർഷത്തിന്റെ അവസാനം ജോലിയിൽ പ്രവേശിക്കുന്നതിന് സർക്കാർ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ സ്കൂൾ പ്രഥമാദ്ധ്യാപകൻ ടിയാൾക്ക് 31/05/2020 വരെ ടി ശമ്പളവേതനാവധി ദീർഘിപ്പിച്ച് നൽകുകയും അവധി കഴിഞ്ഞ് ടിയാൾ 01/06/2020 തീയതി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ടി ശമ്പളവേതനാവധി ദീർഘിപ്പിക്കുന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകന് അധികാരമില്ലെന്ന് പിന്നീടാണ് മനസ്സിലായതെന്നും ആയതിനാൽ ശ്രീമതി. മീര. ആറിന് 24-03-2020 മുതൽ 31-05-2020 വരെ ശമ്പളവേതനാവധി അനുവദിച്ച് ടി കാലയളവ് ക്രമീകരിക്കണമെന്നും ആവശ്യപ്പെട്ട് സ്കൂൾ പ്രഥമാദ്ധ്യാപകൻ സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് മേലാർകോട് കെ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. മീര. ആറിന് ടിയാളുടെ ജിവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിനായി കെ എസ്സ് ആർ ഭാഗം I അനുബന്ധം XII C പ്രകാരം 12/06/2019 മുതൽ 23/03/2020 വരെ പരാമർശം 1 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ച ശമ്പളവേതനാവധി ദീർഘിപ്പിച്ച് നൽകാൻ ടി സ്കൂൾ പ്രഥമാദ്ധ്യാപകന് അധികാരമില്ലാത്തതിനാലും അക്കാഡമിക്ക് വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന്

സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാലാണ് അവധി കഴിഞ്ഞു തിരികെ ജോലിയിൽ പ്രവേശിക്കാൻ ടിയാൾക്ക് സാധിക്കാതെ വന്നത് എന്ന വസ്തുതയും കണക്കിലെടുത്ത് കൊണ്ട്, ശ്രീമതി. മീര ആർ. ന് 24-03-2020 മുതൽ 31-05-2020 വരെ പ്രധാന അധ്യാപകൻ അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്ത് ടി കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Priya V K
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീമതി. മീര. ആർ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ എ യു പി സ്കൂൾ, മേലാർകോട് , പാലക്കാട്.
മാനേജർ, കെ എ യു പി സ്കൂൾ, മേലാർകോട് , പാലക്കാട്.
ഹെഡ് മാസ്റ്റർ, കെ എ യു പി സ്കൂൾ, മേലാർകോട് , പാലക്കാട്.
ധനകാര്യ വകുപ്പ് (01.01.2022 ലെ RULES-B4/299/2021-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 12-01-2022 12:53:19
Reason: Approved
സെക്ഷൻ ഓഫീസർ